II ഇ.ബി. XIII-കേരള നിയമസഭ /XIII-4

# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2015 മാർച്ച് 16, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

8 (* 121) **കാർഷിക നയം**

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) നൽകിയ മറുപടിയിൽ, കരട് കാർഷിക നയത്തിലെ അംഗീകരിച്ച നിർദ്ദേശങ്ങളും കർഷകർക്ക് വരുമാനം ഉറപ്പാക്കുന്ന ഇൻകം ഗ്യാരന്റി ആക്റ്റും നടപ്പിലാക്കുന്നതാണെന്ന് സഭയെ അറിയിച്ചു. കാർഷിക ഉത്പന്ന സംസ്കരണത്തിലൂടെ ഉണ്ടാകുന്ന ലാഭത്തിന്റെ ഓഹരി അവകാശം കർഷകർക്ക് ഉറപ്പാക്കുന്നതിന് അവകാശ ലാഭനിധി രൂപീകരിക്കുന്നതിനും ഇതിലൂടെ

നെൽകർഷർക്ക് പ്രഥമ പരിഗണന നൽകുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. 2016 -ൽ കേരളത്തെ ജൈവ കാർഷിക സംസ്ഥാനമാക്കി മാറ്റുന്നതിന്റെ ഭാഗമായി നിയോജകമണ്ഡലാടിസ്ഥാനത്തിൽ പച്ചക്കറികൃഷി വ്യാപകമാക്കുന്നതിനും വിദ്യാർത്ഥികളെയും യുവജനങ്ങളെയും കൃഷിയിൽ കൂടുതൽ തത്പരരാക്കുന്നതിന് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും പരിശീലനം നൽകുന്നതിനുമായി ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനും ഓരോ പഞ്ചായത്തിലും ഉത്പാദിപ്പിക്കുന്ന പച്ചക്കറികൾ ക്ലസ്റ്ററുകൾ രൂപീകരിച്ച് അവിടെത്തന്നെ വിപണനം ചെയ്യുന്നതിനും കൂടുതലുള്ളത് ഹോർട്ടികോർപ്പ് സംഭരിച്ച് വിപണിയിലെത്തിക്കുന്നതിനും ഹോർട്ടികൾച്ചർ മിഷന്റെ ആധുനിക കൃഷിരീതികൾ അവലംബിക്കുന്ന കർഷകർക്ക് വളരെ കുറഞ്ഞ ചെലവിൽ ആവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇടുക്കി, കുട്ടനാട്, വയനാട് പാക്കേജുകൾ നടപ്പാക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തുന്നതാണ്. വിളനാശം സംഭവിക്കുന്നവർക്ക് വിള ഇൻഷുറൻസ് പ്രത്യേക ഫണ്ട് രൂപീകരിക്കുന്നതാണ്. ഭക്ഷ്യവസ്തുക്കളുടെ സംസ്കരണവുമായി ബന്ധപ്പെട്ട് സേഫ് ടു ഈറ്റ് കേരള ബ്രാൻഡ് പുറത്തിറക്കിയിട്ടുണ്ട്. അരിയുടെ ഗുണനിലവാരം സംബന്ധിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പ് പരിശോധന നടത്തുന്നുണ്ടെന്നും പച്ചക്കറികളിലും പഴങ്ങളിലുമുള്ള വിഷാംശം പരിശോധിക്കുന്നതിനായി എല്ലാ

ജില്ലകളിലും പരിശോധനാ ലാബുകൾ സ്ഥാപിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

## 9 (* 122) പ്രവാസി പുനരധിവാസ പദ്ധതി

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) നൽകിയ മറുപടിയിൽ, വിദേശരാജ്യങ്ങളിൽനിന്നും തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തുന്ന മലയാളികൾക്ക് സുസ്ഥിര വരുമാനമാർഗ്ഗം കണ്ടെത്തുന്നതിന് സഹായിക്കുകയെന്ന ലക്ഷ്യത്തോടെ പ്രവാസി പുനരധിവാസ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതായി സഭയെ അറിയിച്ചു. ഇതിന്റെ ഭാഗമായി NDPREM എന്ന പദ്ധതിക്ക് രൂപം നൽകിക്കൊണ്ട് പ്രവാസികൾക്ക് മാർഗ്ഗനിർദ്ദേശം നൽകുകയും മൂലധന സബ്സിഡിയും പലിശ സബ്സിഡിയും നൽകി ബാങ്ക് വായ്പ ലഭ്യമാക്കി പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ കൈത്താങ്ങ് നൽകുകയും ചെയ്തുവരുന്നു. കൂടാതെ പ്രവാസികൾക്കുള്ള മരണാനന്തര സഹായം, ചികിത്സാ സഹായം, വിവാഹ ധനസഹായം എന്നിവയ്ക്കായി സാന്ത്വനം പദ്ധതി; മൃതശരീരം നാട്ടിലെത്തിക്കുന്നതിനുള്ള കാരുണ്യം പദ്ധതി; ചെയർമാൻ ഫണ്ടിൽനിന്നുള്ള ധനസഹായം എന്നിവയും നടപ്പിലാക്കിവരുന്നു. ആഗോളതലത്തിലുണ്ടായ സാമ്പത്തിക മാന്ദ്യംമൂലം ജോലി തേടി പോകുന്നവരിലും വിദേശധനത്തിന്റെ

വരവിലും ഉണ്ടാക്കിയിട്ടുള്ള ആഘാതത്തെപ്പറ്റി സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ പ്രശ്നപരിഹാരത്തിനായി അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു. പ്രവാസികൾ വ്യക്തിപരമായും പ്രവാസി സംഘടനകൾ മുഖേനയും ഉന്നയിക്കുന്ന പ്രശ്നങ്ങൾക്ക് പോലീസ് അധികാരികളും ബന്ധപ്പെട്ട വകുപ്പുകളും എംബസ്സി മുഖാന്തിരവും പരിഹാരം കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. പ്രവാസികളുടെ പ്രശ്നങ്ങൾ മുൻകൂട്ടി മനസ്സിലാക്കുന്നതിനായി നടത്തിവരുന്ന ആഗോള പ്രവാസി കേരളീയ സംഗമത്തിൽ ഉരുത്തിരിയുന്ന പ്രശ്നങ്ങൾക്ക് സമയബന്ധിതമായി പരിഹാരം കണ്ടുവരുന്നു. വിദേശ രാജ്യങ്ങളിലേയ്ക്കുള്ള വിമാനസർവ്വീസുമായി ബന്ധപ്പെട്ട് കേന്ദ്രനയത്തിൽ മാറ്റം വരുത്തുന്നമുറയ്ക്ക് എയർ കേരള യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ഇന്ത്യൻ എംബസിയുമായി ബന്ധപ്പെട്ടുകൊണ്ട് ലീഗൽ എയ്ഡ് സെല്ലിന്റെ സേവനം വിദേശ മലയാളികൾക്ക് ലഭിക്കുന്ന തരത്തിലുള്ള പ്രവർത്തനം നടത്തുന്നതാണ്. പ്രവാസികൾക്ക് ജോയിന്റ് സെക്ടർ കമ്പനികളിൽ ഓഹരി പങ്കാളിത്തം നൽകുന്നതിനെ സംബന്ധിച്ച് ആലോചിക്കും. യങ് എന്റർപ്രണേഴ്സ് സമിതിയുടെ ശുപാർശകൾ കണക്കിലെടുത്ത് വ്യവസായ വകുപ്പുമായി ചേർന്ന് യുവ സംരംഭകർക്ക് സഹായം നൽകുന്നതിന് ശ്രമിക്കുന്നതാണ്. സ്വകാര്യ റിക്രൂട്ടിംഗ് ഏജൻസികളുടെ ചൂഷണം അവസാനിപ്പിക്കുന്നതിന്റെ ഭാഗമായി ഇൻഡ്യാ

ഗവൺമെന്റിന്റെ അനുവാദത്തോടുകൂടി നോർക്ക വകുപ്പും ഒഡെപെക്കും സംയുക്തമായി ഗൾഫ് രാജ്യങ്ങളിലേയ്ക്ക് നഴ്സുമാരെ റിക്രൂട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. കുറഞ്ഞത് രണ്ട് വർഷമെങ്കിലും വിദേശത്ത് ജോലിചെയ്തിട്ടുള്ളവർക്ക് മാത്രമേ പ്രവാസി പുനരധിവാസ പദ്ധതിയിൽ ആനുകൂല്യം ലഭിക്കുകയുള്ളുവെന്നും കേരളത്തിന് പുറത്തുള്ള മുഴുവൻ മലയാളികളെയും ഉൾപ്പെടുത്തി ഡേറ്റാ ബാങ്ക് തയ്യാറാക്കുന്നതാണെന്നും പ്രവാസി ക്ഷേമനിധിയിൽ ചേരുന്നതിനുള്ള പ്രായപരിധി വർദ്ധിപ്പിക്കുന്നതിനുള്ള ഭേദഗതി ബിൽ നടപ്പുസമ്മേളനത്തിൽ പാസ്സാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. കരിപ്പൂർ വിമാനത്താവളത്തിന്റെ റൺവേ സ്ട്രെങ്ത്തനിംഗ് ആൻറ് റീ കാർപ്പറ്റിംഗ് ജോലികൾക്കായിട്ടാണ് സർവ്വീസ് റീഷെഡ്യൂൾ ചെയ്തിരിക്കുന്നതെന്ന് ഒരുപചോദ്യത്തിലിടപെട്ടുകൊണ്ട് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1397 മുതൽ 1760 വരെയുള്ള ചോദ്യങ്ങളിൽ 126 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി)